# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5820 09-07-2012-ൽ മറുപടിക്ക്

## തിരുവനന്തപുരം കുന്നത്തുകാൽ പഞ്ചായത്തിലെ ശ്രീമതി റോസമ്മയ്ക്ക് പട്ടയം നൽകുന്ന നടപടി

| ചോദ്യം<br>ശ്രീ. എ.റ്റി. ജോർജ് | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂ -കയർ വകുപ്പുമന്ത്രി) |
|---|---|
| എ) തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ വില്ലേജിൽ കുന്നത്തുകാൽ പഞ്ചായത്തു വക കുളം പുറമ്പോക്കിൽ മുപ്പത്തിയഞ്ചു വർഷത്തിലേറെയായി കുടികിടപ്പായി താമസിച്ചുവരുന്ന കുളവടിത്തലക്കൽ വീട്ടിൽ റോസമ്മ തന്റെ കൈവശ വസ്തുവിന് പട്ടയം ലഭിക്കാൻ അപേക്ഷ നൽകിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) പ്രസ്തുതയാൾക്ക് വില്ലേജ് ഓഫീസിൽ നിന്നോ താലൂക്ക് ഓഫീസിൽ നിന്നോ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ ; | ബി) പ്രസ്തുത വ്യക്തിക്ക് 08.11.2002-ൽ സി5/LAI/24/02 നമ്പരായി നെയ്യാറ്റിൻകര തഹസിൽദാർ കൈവശരേഖ നൽകിയിട്ടുണ്ട്. |
| സി) കൈവശ വസ്തുവിന് പട്ടയം നൽകാൻ കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത് എൻ.ഒ. സി നൽകിയിട്ടുണ്ടോ ; | സി) & ഡി)<br>കൈവശവസ്തുവിന് പട്ടയം നൽകുന്നതിനായി അപേക്ഷിച്ചിരിക്കുന്ന സ്ഥലം കുളം പുറമ്പോക്ക് എന്ന ഇനത്തിൽപ്പെട്ടതാണ്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കുളം പുറമ്പോക്ക് പതിവിന് വിധേയമായ ഭൂമിയല്ല. |
| ഡി) അപേക്ഷകയ്ക്ക് പട്ടയം നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; അടിയന്തിരമായി പട്ടയംനൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ